⇨ *പണക്കൊഴുപ്പിന്റെ പ്രകടനങ്ങളും വാഗ്ദാനങ്ങളും പോർവിളികളും തുടരുകയാണ്* ⇨




**തെരഞ്ഞെടുപ്പ് സംവാദങ്ങളിലെ വിഭിന്ന വീക്ഷണങ്ങൾ**

# തെരഞ്ഞെടുപ്പിന്റെ ആരവങ്ങളിൽ അസാധുവാക്കപ്പെടുന്ന ജനാധിപത്യം

ജനാധിപത്യത്തിന് ഇത്രയേറെ അപചയം സംഭവിച്ചിരിക്കുന്ന ഈ കാലത്ത് എന്താണ് തെരഞ്ഞെടുപ്പിന്റെ പ്രസക്തി? ആർക്കാണ് വോട്ടു ചെയ്യേണ്ടത്? ഏതു സർക്കാരാണ് രൂപീകരിക്കപ്പെടേണ്ടത്? നിർണ്ണായകമായ ഈ ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരം നൽകാൻ കഴിയാത്തതരത്തിലുള്ള സാഹചര്യത്തിലേക്ക് തെരഞ്ഞെടുപ്പ് കോലാഹലങ്ങൾ സമ്മതിദായകരെ തള്ളിവിട്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ എന്താകണം പൗരസമൂഹം സ്വീകരിക്കേണ്ട രാഷ്ട്രീയ നിലപാട്?

**കേരളീയം ഡസ്ക്**

**ലോകത്തിലെ** ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യ രാജ്യഭരണത്തെ നിർണ്ണയിക്കുന്ന ലോകസഭയിലേക്കുള്ള തെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണല്ലോ. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുള്ള കോടിക്കണക്കിന് ആളുകൾ സമ്മതിദാന അവകാശം വിനിയോഗിച്ചുകൊണ്ട് ജനാധിപത്യ പ്രക്രിയയിൽ പങ്കാളികളാവുകയാണ്. വലിയ സാമ്പത്തിക ചെലവേറിയ ഈ തെരഞ്ഞെടുപ്പ് പ്രക്രിയ ഇത്തവണ ഏഴ് ഘട്ടങ്ങളിലായാണ് പൂർത്തിയാക്കപ്പെടുന്നത്. മെയ് 23ന് നടക്കുന്ന വോട്ടെണ്ണലിലൂടെ ഇന്ത്യയുടെ ഭരണചക്രം തിരിക്കാൻ പോകുന്നത് ആരെന്ന ചിത്രം വ്യക്തമാക്കപ്പെടും. രണ്ട് മാസത്തിലേറെ നീണ്ടുനിൽക്കുന്ന സുദീർഘവും സങ്കീർണ്ണവുമായ പ്രക്രിയയുടെ അന്തിമഫലം എന്താകും എന്നതിനെക്കുറിച്ച് അവ്യക്തതകൾ തുടരുകയാണ്. ആർ.എസ്.എസ് നിയന്ത്രിക്കുന്ന വർഗീയ-ഫാസിസ്റ്റ് സർക്കാർ ബി.ജെ.പിയുടെ, പ്രത്യേകിച്ച് നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ അധികാരത്തിൽ തിരിച്ചെത്തരുത് എന്ന് ആഗ്രഹിക്കുന്നവരും നരേന്ദ്ര മോദി തന്നെ അധികാരത്തിൽ തുടരണം എന്ന് ആശിക്കുന്നവരും എന്ന തരത്തിലാണ് ഇത്തവണ വോട്ടർമാർ പൊതുവായി തിരിഞ്ഞിരിക്കുന്നത്. മോദി സർക്കാരിനെതിരായ പ്രതിപക്ഷ ഐക്യം തെരഞ്ഞെടുപ്പിന് വളരെ മുന്നേ രൂപപ്പെട്ടിട്ടുണ്ടെങ്കിലും അവിടെയും ഭിന്നതകൾ നിലനിൽക്കുന്നതിനാൽ ബി.ജെ.പി അല്ലെങ്കിൽ ആരാണ് ഭരണചക്രം തിരിക്കാൻ പോകുന്നതെന്ന ചോദ്യത്തിന് വ്യക്തതയുള്ള ഉത്തരങ്ങൾ നിലവിലില്ല. പണക്കൊഴുപ്പിന്റെ പ്രകടനങ്ങളും വാഗ്ദാനങ്ങളും പോർവിളികളും തുടരുകയാണ്. രാജ്യഭരണം കയ്യാളാനുള്ള വിവിധ രാഷ്ട്രീയ കക്ഷികളുടെ ശ്രമങ്ങൾ കുത്സിതനീക്കങ്ങളുടെ അടർക്കളമായി തെരഞ്ഞെടുപ്പ് പ്രക്രിയയെ മാറ്റിത്തീർത്തിരിക്കുന്നു. 90 കോടി ജനങ്ങൾ വോട്ടവകാശം വിനിയോഗിക്കുന്ന തെരഞ്ഞെടുപ്പിൽ ജനാഭിലാഷങ്ങളേക്കാളേറെ പണാധിപത്യത്തിന്റെ പെരുമ്പറകളാണ് മുഴങ്ങിക്കേൾക്കുന്നത്. ജനാധിപത്യത്തിന്റെ അടിത്തറ തകർക്കുന്നതരത്തിൽ പണം തെരഞ്ഞെടുപ്പിനെ സ്വാധീനിക്കുന്ന കാഴ്ചയാണ് എവിടെയും. പ്രചാരണ സന്നാഹങ്ങൾക്കായി വലിയ തോതിൽ പണമൊഴുക്കുന്നത് കൂടാതെ വോട്ടുകച്ചവടവും രാഷ്ട്രീയ കക്ഷികളെ തന്നെ വിലയ്ക്കുവാങ്ങലും മറയില്ലാതെ നടക്കുന്ന മേളയാ

*⇨ അധികാരവും ധൂർത്തും ചേർന്ന് ചിട്ടപ്പെടുത്തിയ ഒരു കാർണിവൽ കാണുന്ന കാഴ്ചക്കാരായി സമ്മതിദായകർ മാറി ⇨*




യി തെരഞ്ഞെടുപ്പ് രംഗം മാറിയിരിക്കുന്നു. മാദ്ധ്യമങ്ങളെ മാത്രമല്ല, നവമാധ്യമങ്ങളെ വരെ പണം കൊണ്ട് വരുതിയിലാക്കുകയും വ്യാജ വാർത്തകൾ ഫാക്ടറികളിലെന്ന പോലെ ഒന്നിനു പിറകെ മറ്റൊന്നായി തയ്യാറാക്കപ്പെടുകയും ചെയ്യുന്നു. തെരഞ്ഞെടുപ്പ് കാലം അടുത്തപ്പോൾ തന്നെ ദേശീയ മാദ്ധ്യമങ്ങൾ മിക്കതും വിലയ്ക്കെടുക്കപ്പെട്ടിരുന്നു. തെരഞ്ഞെടുപ്പിൽ എന്ത് ചർച്ച ചെയ്യണമെന്ന ജനങ്ങളുടെ സ്വാതന്ത്ര്യത്തിനു മേൽ അവിഹിതമായതരത്തിൽ സ്വാധീനം ചെലുത്തുന്ന ശക്തികൾ കൂടുതൽ പ്രതാപശാലികളായിത്തീരുന്ന അവസ്ഥയിലൂടെയാണ് ഇന്ത്യൻ ജനാധിപത്യം കടന്നുപോകുന്നത്. അധികാരവും ധൂർത്തും ചേർന്ന് ചിട്ടപ്പെടുത്തിയ ഒരു കാർണിവൽ കാണുന്ന കാഴ്ചക്കാരായി സമ്മതിദായകർ ചുരുക്കപ്പെട്ടിരിക്കുന്നു. പ്രാതിനിധ്യ ജനാധിപത്യത്തിൽ പ്രതിനിധിയെ തെരഞ്ഞെടുക്കുന്നതിനുള്ള മഹത്തായ അവകാശം നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്ന ജനം എന്ന കേന്ദ്രബിന്ദു സ്ഥാനഭ്രഷ്ടമാക്കപ്പെട്ടിരിക്കുന്നു. നിലവിലെ ഇന്ത്യൻ വോട്ടർ അവകാശങ്ങൾ കാലാകാലങ്ങളായി ചോർത്തപ്പെട്ടുപോയ ഒരു ചതുരംഗപ്പലകയിലെ കാലാളുകളായി വെട്ടിനീക്കപ്പെട്ടുകൊണ്ടേയിരിക്കുകയാണ്. തെരഞ്ഞെടുപ്പാനന്തരം രൂപീകൃതമാകുന്ന സർക്കാരുകൾ പോലും ജനവിരുദ്ധമായിത്തീരുന്നതിന് ജനത്തിനുണ്ടായിരിക്കുന്ന ഈ അധികാരശോഷണം ഒരു കാരണമായിത്തീരുന്നു. ജനാധിപത്യത്തിന് ഇത്രയേറെ അപചയം സംഭവിച്ചിരിക്കുന്ന ഈ കാലത്ത് എന്താണ് തെരഞ്ഞെടുപ്പിന്റെ പ്രസക്തി? ആർക്കാണ് വോട്ടു ചെയ്യേണ്ടത്? ഏതു സർക്കാരാണ് രൂപീകരിക്കപ്പെടേണ്ടത്? നിർണ്ണായകമായ ഈ ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരം നൽകാൻ കഴിയാത്തതരത്തിലുള്ള ഒരു കഷ്ടകാല സന്ധിയിലേക്കാണ് തെരഞ്ഞെടുപ്പ് കോലാഹലങ്ങൾ സമ്മതിദായകരെ തള്ളിവിട്ടിരിക്കുന്നത്.

ഇടതുവിരലിലെ ചൂണ്ടുവിരലിൽ പതിയുന്ന മഷിയടയാളത്തിന് സൂക്ഷ്മാർത്ഥത്തിൽ ജനാധിപത്യ വ്യവസ്ഥയിൽ അർത്ഥമില്ലാതായിരിക്കുന്നു. തെരഞ്ഞെടുപ്പിൽ ജനാധിപത്യത്തെ സംബന്ധിച്ച രാഷ്ട്രീയ ചോദ്യങ്ങളുയർത്താൻ ഇടമില്ലാതായിരിക്കുന്നത് തിരിച്ചറിഞ്ഞുകൊണ്ട് പൗരസമൂഹ രാഷ്ട്രീയം ശക്തി പ്രാപിക്കേണ്ട സമയമാണിത്. ഭരണകൂടനയരൂപീകരണത്തിൽ തെരഞ്ഞെടുപ്പുകൾക്ക് ഒരു വിധത്തിലുമുള്ള സ്വാധീനം ചെലുത്താൻ കഴിയാത്ത സ്ഥിതിവിശേഷം സംജാതമായിരിക്കുന്നതിനാൽ ഭരണകൂടത്തിനും അതിനെ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ കക്ഷികൾക്കും പുറത്ത് നിൽക്കുന്ന സിവിൽ സമൂഹം എന്ന വിശാലമായ ജനവിഭാഗത്തിന് ജനാധിപത്യ പ്രക്രിയയിൽ നിർണ്ണായകമായ സ്ഥാനം കൈവന്നിരിക്കുകയാണ്. വ്യത്യസ്ത ആശയങ്ങളെയും രാഷ്ട്രീയ താത്പര്യങ്ങളെയും പേറുന്നവരായി വിഘടിച്ചു നിൽക്കുകയാണെങ്കിലും സിവിൽ സമൂഹത്തിന്റെ ശബ്ദം പലതലങ്ങളിൽ മുഴങ്ങിക്കേൾക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയായിരിക്കുന്നു. തെരഞ്ഞെടുപ്പ് പ്രക്രിയയിൽ മാത്രമല്ല, പ്രാതിനിധ്യ ജനാധിപത്യ സമ്പ്രദായത്തിന്റെ സർവ്വമേഖലകളിലും ചിലപ്പോൾ മാർഗ്ഗദർശിയും ചില സന്ദർഭങ്ങളിൽ തിരുത്തൽശക്തിയുമായി നിലകൊള്ളേണ്ട ഭാരിച്ച ഉത്തരവാദിത്തം സിവിൽ സൊസൈറ്റിൽ കൂടുതലായി വന്നുചേർന്നിരിക്കുയാണ് എന്നാണ് ഈ തെരഞ്ഞെടുപ്പ് കാലവും വ്യക്തമാക്കുന്നത്. എന്നാൽ പണവും അധികാരവും ഏറ്റവും ഹീനമായ രൂപത്തിൽ കൈകോർത്ത ഈ പതിനേഴാം ലോകസഭ തെരഞ്ഞെടുപ്പ് കാലത്ത് സിവിൽ സമൂഹ പ്രസ്ഥാനങ്ങളും ജനകീയ പ്രക്ഷോഭങ്ങളും മുകളിൽ സൂചിപ്പിച്ച ഉന്നതമായ ലക്ഷ്യത്തെ മുൻനിർത്തി മുന്നോട്ടുവന്നിട്ടില്ല എന്നാണ് കാണാൻ കഴിയുന്നത്. പൗരസമൂഹ രാഷ്ട്രീയത്തിന്റെ അസാന്നിധ്യം വളരെ ഗുരുതരമായ രൂപത്തിൽ അനുഭവപ്പെടുന്ന ഒരു തെ

രഞ്ഞെടുപ്പ് കാലമായി പതിനേഴാം ലോകസഭാ തെരഞ്ഞെടുപ്പ് നാളുകൾ വിലയിരുത്തപ്പെടേണ്ടതുണ്ട്. പുതിയകാലത്തെ രാഷ്ട്രീയത്തെ നിർണ്ണയിക്കുന്നതിൽ ഒരു സുപ്രധാന ഘടകമായി സമരങ്ങളിലൂടെയും ജനകീയ ചെറുത്തുനിൽപ്പുകളിലൂടെയും പൗരരാഷ്ട്രീയം വളർന്നുവന്നിട്ടുണ്ടെങ്കിലും ഒറ്റപ്പെട്ടതും ചിതറിയതുമായ ചില ശ്രമങ്ങളൊഴിച്ചാൽ ഈ തെരഞ്ഞെടുപ്പ് കളത്തിൽ അതിന്റെ അഭാവം പ്രകടമായിരുന്നു എന്ന് നിസ്സംശയം പറയാം.

ഫാസിസത്തിനും വർഗീയതയ്ക്കുമെതിരായി വോട്ടുകൾ ഭിന്നിച്ചുപോകരുത് എന്ന അജണ്ട പരമപ്രധാന സംഗതിയായി ഉയർന്നുവന്നതോടെ സിവിൽ സൊസൈറ്റി പ്രസ്ഥാനങ്ങൾ ഉന്നയിച്ചിരുന്ന വിവിധങ്ങളായ വിഷയങ്ങളും പ്രശ്നങ്ങളും 'മോദി ഭരണം മാറണം' എന്ന ഒറ്റ ബിന്ദുവിൽ കേന്ദ്രീകരിക്കുന്നതരത്തിൽ സംഭ്രമത്തിലാണ്ടുപോവുകയാണുണ്ടായത്. ചെറുതും വലുതുമായ വിഷയങ്ങളിൽ ഉയർന്നുവന്ന നിരവധി സർക്കാർ വിരുദ്ധ പ്രക്ഷോഭങ്ങൾ മുന്നോട്ടുവച്ച മുദ്രാവാക്യങ്ങളുടെ മേഖലാപരമായ വിഭിന്നതകൾ അതേ വൈവിധ്യങ്ങളോടെ തെരഞ്ഞെടുപ്പ് അജണ്ടകളിലേക്ക് സന്നിവേശിപ്പിക്കുന്നതിനെ ഈ സംഭ്രമം പരാജയപ്പെടുത്തിയിട്ടുണ്ട്. വർഗീയതയ്ക്കെതിരായ നിലപാടിനാണ് അടിയന്തര പ്രധാന്യം നൽകേണ്ടത് എന്നതിനാൽ മറ്റെല്ലാം തത്കാലം മാറ്റിവയ്ക്കണമെന്ന ഒരു വാദത്തിന് തെരഞ്ഞെടുപ്പ് ചർച്ചകളിൽ പ്രാമാണ്യം ലഭിച്ചതാണ് സിവിൽ സൊസൈറ്റി ഗ്രൂപ്പുകളുടെ അദൃശ്യമാകലിന് ഒരു പ്രധാന കാരണമായിത്തീർന്നത് എന്ന് വിലയിരുത്താം. ഫാസിസത്തിനും വർഗീയതയ്ക്കും ന്യൂനപക്ഷ അവകാശ നിഷേധത്തിനും പൗരാവകാശ ധ്വംസനത്തിനും ജാതിമേക്കോയ്മയ്ക്കും എതിരെ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഇന്ത്യയിൽ ശക്തിപ്പെട്ട വിവിധങ്ങളായ സിവിൽ സൊസൈറ്റി മൂവ്മെന്റുകൾക്ക് പോലും തെരഞ്ഞെടുപ്പ് പ്രക്രിയയിലേക്ക് ആ സമരങ്ങളെ വേണ്ടവിധം സന്നിവേശിപ്പിക്കാൻ കഴിയാത്ത സ്ഥിതിയുണ്ടായിട്ടുണ്ട്. നവലോകക്രമത്തിനുള്ളിൽ ഉയർന്നുവന്ന പുതിയകാല രാഷ്ട്രീയ വിഷയങ്ങളെ പ്രതിനിധീകരിക്കുന്ന സിവിൽ സൊസൈറ്റി ഗ്രൂപ്പുകൾ ഇക്കാര്യത്തിൽ അതിലേറെ പിന്നിലായിപ്പോവുകയാണുണ്ടായത്. മുകളിൽ സൂചിപ്പിച്ച, തെരഞ്ഞെടുപ്പ് അജണ്ടയുടെ ഏകസ്വരത എന്ന സങ്കീർണ്ണ പ്രശ്നത്തിനൊപ്പം തന്നെ തെരഞ്ഞെടുപ്പ് രംഗത്ത് അതിദാരുണ ജീർണ്ണതയുടെയും പ്രതിഫലനം കൂടിയായി സിവിൽ സൊസൈറ്റിയുടെ അദൃശ്യതയെ വിലയിരുത്താം. തെരഞ്ഞെടുപ്പ് എന്നത് അതിബൃഹത്തായ ജനാധിപത്യ പ്രക്രിയയിലെ കേവലമായ ഒരു നടപടിക്രമം എന്നതരത്തിൽ വിലയിരുത്തുകയാണെങ്കിൽ സിവിൽ സൊസൈറ്റിയുടെ ഈ അദൃശ്യത താത്കാലിക ആശയപ്രശ്നം മാത്രമായി വിലയിരുത്താവുന്നതാണ്. അതുതന്നെയാണ് ഈ മൂല്യനിർണ്ണയത്തിലൂടെ എത്തിച്ചേരേണ്ട ന്യായമായ ഒരു തീർപ്പ്. ചരിത്രപരമായി തന്നെ സിവിൽ സൊസൈറ്റി നിർവഹിച്ചുകൊണ്ടിരിക്കുന്നതും എപ്പോഴും ഭരണകൂടത്തിന് പുറത്ത് ജനാധിപത്യത്തിന് കാവലാളായി നിൽക്കുക എന്ന സ്ഥിരമായ നിലയാണല്ലോ.

പൗരസമൂഹ രാഷ്ട്രീയത്തിനോട് എപ്പോഴും ഏറ്റുമുട്ടുന്നവരായി പാർലമെന്ററി രാഷ്ട്രീയ കക്ഷികൾ മാറിയിട്ടുണ്ടെങ്കിലും ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥയിൽ വ്യക്തമായ സാന്നിദ്ധ്യമായി സിവിൽ സൊസൈറ്റി കഴിഞ്ഞ ദശകത്തിൽ നിലയുറപ്പിക്കുന്ന സാഹചര്യമാണ് കടന്നുപോയത്. ജനാധിപത്യത്തിന്റെ ശക്തിയും പരിമിതിയും തിരിച്ചറിഞ്ഞ് ഇടപെടാൻ സിവിൽ സൊസൈറ്റി ഗ്രൂപ്പുകൾക്ക് കഴിയുന്നുണ്ടായിരുന്നു. (ജാതിവരേണ്യതയിൽ അധിഷ്ഠിതമായ ഇന്ത്യൻ സാമൂഹ്യഘടനയിൽ വരേണ്യവിഭാഗങ്ങൾ ഭരണസ്വാധീനമുള്ള പൗരസമൂഹമായി നിലനിൽക്കുന്നുണ്ടെങ്കിലും ഇവിടെ സിവിൽ സൊസൈറ്റി എന്ന പദത്തിലൂടെ അർത്ഥമാക്കുന്നത് ജനകീയ പ്രക്ഷോഭങ്ങളിലൂടെയും ഇടപെടലുകളിലൂടെയും ജനാധിപത്യമണ്ഡലത്തെ നിരന്തരം നവീകരിക്കുന്ന സംഘങ്ങളെയാണ്). ജനാധിപത്യ വ്യവസ്ഥയെ പരിഷ്കരിക്കുന്നതിനുള്ള ധാർമ്മിക ശക്തി സിവിൽ സൊസൈറ്റിയിൽ അന്തർലീനമായി കിടക്കുന്നുണ്ട്. ഭരണകൂടത്തിന്റെ ആദിമരൂപങ്ങളുടെ അധികാരകേന്ദ്രങ്ങളിൽ നിന്നല്ല, അതിന് പുറത്തെ ഭരണീയരുടെ നീതിബോധത്തിൽ നിന്നാണ് ജനാധിപത്യ വ്യവസ്ഥ പോലും രൂപപ്പെട്ടുവരുന്നത്. സാർവ്വത്രിക വോട്ടവകാശം എന്ന ചിന്തയുടെ പിറവിയുടെ പിന്നിൽ പോലുമുള്ളത് ജനങ്ങളുടെ ഇടപെടലുകളാണ്. ജനങ്ങളിൽ അധികാരം നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്ന ജനാധിപത്യ ഭരണം എന്ന സംവിധാനം ആധുനിക ദേശരാഷ്ട്രങ്ങൾക്കൊപ്പം ഒരു വ്യവസ്ഥയായി പരിണമിച്ചെങ്കിലും ആ അധികാരത്തെ പ്രതിനിധികൾ പ്രതിനിധാനം ചെയ്യുന്ന പ്രാതിനിധ്യ ജനാധിപത്യ ഭരണക്രമമാണ് രാജ്യങ്ങളുടെ ഭൂമിശാസ്ത്രപരമായ വിസ്തൃതിയും ഉ

⇨ 'ലിബറൽ' എന്ന പദം സ്റ്റേറ്റിന്റെ അധികാരങ്ങൾക്ക് വ്യക്തമായ പരിധികൾ ഉണ്ട് എന്നാണ് സൂചിപ്പിക്കുന്നത് ⇨

യർന്ന ജനസംഖ്യയും കാരണം ലോകമെങ്ങും പ്രായോഗികമായി ഭവിച്ചത്. പ്രതിനിധികൾ കേവലം ജനങ്ങളുടെ അധികാരത്തെ പ്രതിനിധീകരിക്കുന്നവർ മാത്രമാണെന്നും അതിലുപരിയായ അധികാരങ്ങൾ അവരിൽ കേന്ദ്രീകരിക്കാൻ പാടില്ലെന്നുമുള്ള ചിന്തയും അക്കാലത്തുതന്നെ നിലനിന്നിരുന്നതിലാണ് ഭരണഘടനയിൽ അനുസ്യൂതമായ ഭരണകൂടങ്ങൾ എന്ന സമ്പ്രദായവും പ്രയോഗത്തിൽ വരുന്നത്. ഭരണഘടനയാണ് ജനപ്രതിനിധികളുടെ അധികാരത്തെ നിയമപരമായ ചട്ടക്കൂടുകളിലൂടെ എല്ലാ ജനങ്ങൾക്കും ഹിതകരമായ രീതിയിൽ കൊണ്ടുവരുന്നത്. ഭരണഘടനയെ മുൻനിർത്തിയാണ് ഭരണം മുന്നോട്ടുപോകേണ്ടത്. ഭരണഘടന പൗരർക്ക് ഉറപ്പുനൽകുന്ന എല്ലാ അവകാശങ്ങളും സംരക്ഷിക്കാൻ ഭരണകൂടവും ബാധ്യസ്ഥമായിത്തീരുന്നു. രാജ്യത്തിന്റെ പരമാ

പ്രതിനിധികൾ കേവലം ജനങ്ങളുടെ അധികാരത്തെ പ്രതിനിധീകരിക്കുന്നവർ മാത്രമാണെന്നും അതിലുപരിയായ അധികാരങ്ങൾ അവരിൽ കേന്ദ്രീകരിക്കാൻ പാടില്ലെന്നുമുള്ള ചിന്തയും അക്കാലത്തുതന്നെ നിലനിന്നിരുന്നതിലാണ് ഭരണഘടനയിൽ അനുസ്യൂതമായ ഭരണകൂടങ്ങൾ എന്ന സമ്പ്രദായവും പ്രയോഗത്തിൽ വരുന്നത്. ഭരണഘടനയാണ് ജനപ്രതിനിധികളുടെ അധികാരത്തെ നിയമപരമായ ചട്ടക്കൂടുകളിലൂടെ എല്ലാ ജനങ്ങൾക്കും ഹിതകരമായ രീതിയിൽ കൊണ്ടുവരുന്നത്.

ധികാരം ജനങ്ങളിൽ നിക്ഷിപ്തമാക്കുന്ന 'റിപ്പബ്ലിക്' എന്ന ആശയം തന്നെ അങ്ങനെ രൂപപ്പെടുന്നതാണ് (റിപബ്ലിക് എന്ന പദം രൂപപ്പെട്ട Res publica എന്ന ലാറ്റിൻ വാക്കിന്റെ അർത്ഥം ജനങ്ങളുടേത് എന്നാണ്). ഭരണഘടനാപരമായ ഒരു ജനാധിപത്യ ഭരണവ്യവസ്ഥയിൽ അനിയന്ത്രിതമായ അധികാരം ആരും അനുഭവിക്കുന്നില്ല എന്ന് ഉറപ്പാക്കപ്പെടാനുള്ള ശക്തമായ സംവിധാനങ്ങളുണ്ട്. സ്റ്റേറ്റ് എന്ന് പറയുന്നത് പൗരരുടെ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും സംരക്ഷിക്കാനുള്ള ഒരു ഉപാധി മാത്രമായി നിൽക്കുകയും പൗരരുടെ താത്പര്യങ്ങളെ നിശ്ചയിക്കാൻ ഏറ്റവും വലിയ യോഗ്യത പൗരർക്ക് തന്നെയാണ് സ്റ്റേറ്റിന് അല്ല എന്നും ഭരണഘടനാപരമായ ഒരു ജനാധിപത്യ ഭരണവ്യവസ്ഥ ഉറപ്പുവരുത്തുന്നുണ്ട്. അത്തരത്തിലുള്ള ഒരു ലിബറൽ ജനാധിപത്യ സങ്കൽപ്പത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഇന്ത്യൻ ജനാധിപത്യവും രൂപപ്പെട്ടുവന്നിട്ടുള്ളത്. ലിബറൽ ജനാധിപത്യം എന്ന പ്രയോഗത്തിൽ അടങ്ങിയിരിക്കുന്ന 'ലിബറൽ' എന്ന പദം സ്റ്റേറ്റിന്റെ അധികാരങ്ങൾക്ക് വ്യക്തമായ പരിധികൾ ഉണ്ട് എന്നാണ് സൂചിപ്പിക്കുന്നത്. അത് രാഷ്ട്രീയ സർവ്വാധിപത്യത്തിനെ നിരസിക്കുന്നു. 'ജനാധിപത്യം' എന്ന പദം ജനങ്ങളുടെ ഭരണം, ജനങ്ങളുടെ പങ്കാളിത്തം, ജനപ്രാതിനിധ്യം ഉള്ള അധികാര സ്ഥാപനങ്ങൾ, എന്നിവയെ സൂചിപ്പിക്കുന്നു. ലിബറലിസം ജനങ്ങളെ സ്വതന്ത്രരാക്കുന്നതിനെ സൂചിപ്പിക്കുമ്പോൾ ജനാധിപത്യം ജനങ്ങളെ ശക്തരാക്കുന്നതിനെ സൂചിപ്പിക്കുന്നു. അതായത് ലിബറൽ ജനാധിപത്യം സ്വേച്ഛാധിപത്യത്തിൽ നിന്ന് സംരക്ഷിക്കുകയും ജനായത്ത ഭരണം ഉറപ്പാക്കുകയും ചെയ്യുന്നു എന്ന് അർത്ഥം. ലിബറൽ ജനാധിപത്യത്തിന്റെ അടിസ്ഥാന തത്വമാണ് കോൺസ്റ്റിറ്റ്യൂഷണലിസം (constitutionalism). അതായത് ഭരണവർഗ്ഗത്തിന്റെ അധികാരം ഒരു അടിസ്ഥാന നിയമസംഹിതയാൽ പരിമിതപ്പെട്ടതും അതിൽ അധിഷ്ഠിതവും ആണ് എന്ന് വ്യക്തം. എന്നിട്ടും ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും എന്ന വേർതിരിവ് കൂടിവരുകയും അധികാരകേന്ദ്രീകരണത്തിന്റെ നിഷ്ഠൂരവാഴ്ചയായി പാർലമെന്ററി ജനാധിപത്യം മാറുകയും ചെയ്യുന്ന സ്ഥിതി ഇന്ത്യയിൽ സംജാതമായിരിക്കുന്നു. പ്രാതിനിധ്യ ജനാധിപത്യം എത്തിച്ചേർന്നിരിക്കുന്ന ഈ പരിമിതിയെ മറികടക്കേണ്ടത് അനിവാര്യമായിരിക്കുമ്പോഴും എങ്ങനെയാണ് അത് രൂപപ്പെട്ടുവരേണ്ടത് എന്ന ചോദ്യം അവ്യക്തമായി ഏറെക്കാലം നിലനിൽക്കുകയായിരുന്നു. അധികാരക്കുത്തകയെ ചോദ്യം ചെയ്തുകൊണ്ടുള്ള പൗരസമൂഹ രാഷ്ട്രീയത്തിന്റെ വളർച്ചയാണ് അതിനുള്ള ഉത്തരത്തിലേക്ക് വ്യക്തമായ ഒരു വഴിവെട്ടിയിരിക്കുന്നത്. പ്രത്യേകിച്ച് ഇന്ത്യൻ ജനാധിപത്യത്തിൽ പ്രാതിനിധ്യ ജനാധിപത്യത്തിലെ പ്രതിനിധാന അധികാരം രാഷ്ട്രീയ കക്ഷികളിൽ വന്നുചേരുകയും ജനഹിതത്തെ മുൻനിർത്തി അവർ മുന്നോട്ടുവയ്ക്കുന്ന മാനിഫെസ്റ്റോകളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് പ്രക്രിയ നടക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈ പാർലമെന്ററി രാഷ്ട്രീയ കക്ഷികൾക്ക് പുറത്തുള്ള ഒരു സിവിൽ സൊസൈറ്റി ഗ്രൂപ്പുകളുടെ കരങ്ങളിൽ ഉന്നതമായ കർത്തവ്യങ്ങൾ സ്വാഭാവികമാ

യും വന്നുചേരുന്നുണ്ട്. പ്രത്യയശാസ്ത്ര കാഴ്ചപ്പാടുകളിൽ വ്യത്യാസങ്ങളുള്ളപ്പോഴും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ന്യായമായ ആവശ്യകതകളെ സ്വാംശീകരിച്ച് പ്രവർത്തിക്കാൻ ശേഷിയുണ്ട് എന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് രാഷ്ട്രീയ പാർട്ടികൾ സമൂഹത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആ ധാരണയെ മുൻനിർത്തിയാണ് അവർ ജനങ്ങളിൽ നിന്നും പ്രതിനിധാന അവകാശം ആവശ്യപ്പെടുന്നതും. എന്നാൽ നിയോകരുടെ വക്താക്കളായല്ല, പാർട്ടിയുടെ വക്താക്കളായാണ് അവർ പാർലമെന്റിൽ ശബ്ദിക്കുന്നത്. പ്രതിനിധിസഭയിൽ പാർട്ടി പറയുന്ന തരത്തിൽ വോട്ടു ചെയ്യാൻ വിപ്പ് പ്രകാരം ഇന്ത്യയിൽ ഒരു ജനപ്രതിനിധി ബാധ്യസ്ഥനാണ്. അത്തരത്തിൽ രാഷ്ട്രീയ പാർട്ടിക്ക് പ്രാമുഖ്യമുള്ള ഒരു ഭരണവ്യവസ്ഥയായാണ് ഇന്ത്യയിൽ അടക്കം ജനാധിപത്യ ഭരണസംവിധാനം ഇന്ന് നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ രാഷ്ട്രീയ പാർട്ടികൾ ജനാധിപത്യത്തിലെ അഭിവാജ്യഘടകങ്ങളാണ്. രാഷ്ട്രീയ പാർട്ടികൾക്കുണ്ടാകുന്ന ജീർണ്ണതകൾ ജനാധിപത്യ ഭരണസമ്പ്രദായത്തിന്റെ തന്നെ ജീർണ്ണതയായി മാറുന്നതും ഇക്കാരണത്താലാണ്. അതാണ് ഇന്ത്യൻ ജനാധിപത്യം അഭിമുഖീകരിക്കുന്ന സവിശേഷ പ്രശ്നവും. ജനാധികാരത്തെ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ അധഃപതനം പാർലമെന്ററി ജനാധിപത്യത്തെ ഉന്മൂലനാശത്തിലേക്ക് തള്ളിവിടുകയാണ്. ജനാധിപത്യത്തിന് തന്നെയാണ് അത് തിരിച്ചടിയായി മാറുന്നത്. ഭരണഘടനയെ തന്നെ ദുർബലപ്പെടുത്താനുള്ള ശ്രമങ്ങളിലേക്ക് അത് വഴിമാറിയിരിക്കുന്നു. ജനാധിപത്യത്തിൽ സമഗ്രാധിപത്യത്തിന്റെ ലക്ഷണങ്ങൾ പ്രകടമായിത്തുടങ്ങിയിരിക്കുന്നു. ഭൂരിപക്ഷം കിട്ടി അധികാരത്തിലെത്തുന്ന ആർക്കും സർവതന്ത്ര സ്വതന്ത്രമായി ഈ നാടിനെ ഭരിക്കാനും ഇവിടത്തെ നയങ്ങളും അടിസ്ഥാനമൂല്യങ്ങളും മാറ്റി മറിക്കാനും കഴിയില്ല എന്ന് ഭരണഘടന വ്യക്തമാക്കുന്നുണ്ട്. അതുതന്നെയാണ് ഭരണഘടനാ ഭരണസമ്പ്രദായത്തിന്റെ ലക്ഷ്യവും. സാംസ്കാരിക തലത്തിലായാലും രാഷ്ട്രീയ മേഖലയിലായാലും സ്വന്തം പ്രത്യയശാസ്ത്രം അടിച്ചേൽപ്പിക്കാനുള്ള അവകാശം ഭൂരിപക്ഷം ലഭിച്ച് അധികാരത്തിലെത്തുന്ന ഒരു രാഷ്ട്രീയ പാർട്ടിക്കും ഭരണഘടന അനുവദിച്ച് നൽകപ്പെട്ടിട്ടില്ല. പ്രത്യയശാസ്ത്രം ഏതായാലും ഭരണഘടനാ തത്വങ്ങൾക്ക് വിധേയമായി മാത്രമേ സർക്കാരിന് പ്രവർത്തിക്കാൻ കഴിയൂ. (സംഘപരിവാർ സർക്കാർ ഭരണഘടന തന്നെ പൊളിച്ചെഴുതാൻ ശ്രമിക്കുന്നതിന് കാരണവും ഇതാണ്). ജനങ്ങളുടെ അധികാരത്തെ ഉറപ്പാക്കുന്ന ഭരണഘടനയുടെ ഈ കെട്ടുറപ്പിനെ തകർക്കാനുള്ള ശ്രമങ്ങളാണ് വ്യക്തമായ തീവ്രഹിന്ദുത്വ പ്രത്യയശാസ്ത്രം മുന്നോട്ടുവയ്ക്കുന്ന മോദി സർക്കാരിൽ നിന്നും കഴിഞ്ഞ അഞ്ച് വർഷവും കണ്ടത്. ഇന്ത്യൻ ജനാധിപത്യത്തിന്റെ ചരിത്രത്തിൽ ഭരണഘടന ഏറ്റവും കൂടുതൽ ആക്രമിക്കപ്പെട്ട നാളുകൾ.

ഭരണഘടനയ്ക്ക് ഏറ്റിരിക്കുന്ന ഈ മുറിവ് പൗരസമൂഹ രാഷ്ട്രീയത്തിന്റെ പ്രാധാന്യത്തെ ഉയർത്തിക്കാണിക്കുക കൂടിയാണ് ചെയ്യുന്നത്. ഏത് ജനമാണോ ഈ ഭരണഘടന രാജ്യത്തിന് സമർപ്പിച്ചത് അവർ ഭരണഘടനയെ സംരക്ഷിക്കാനും ഭരണഘടനാ അവകാശങ്ങളെ വിപുലപ്പെടുത്താനും മുന്നോട്ടുവരേണ്ടത് അനിവാര്യമായിരിക്കുകയാണ്. അത്തരത്തിലുള്ള ഒരു ഉണർവ് ഇന്ത്യയിൽ പ്രകടമായിരുന്നെങ്കിലും തെരഞ്ഞെടുപ്പിൽ സിവിൽ സമൂഹ പ്രസ്ഥാനങ്ങളുടെ ഇടപെടലുകൾക്ക് വേണ്ടത്ര ശക്തിപ്രാപിക്കാൻ കഴിയാതെ പോയി. ദളിത്-ന്യൂനപക്ഷ പീഡനങ്ങൾക്കും ആൾക്കൂട്ട കൊലപാതകങ്ങൾക്കും വർഗീയ കലാപങ്ങൾക്കും വിദ്യാഭ്യാസരംഗത്തെ ഹിന്ദുത്വവത്കരണത്തിനും പൗരാവകാശധ്വംസനങ്ങൾക്കും മാദ്ധ്യമസ്വാതന്ത്ര്യ നിഷേധത്തിനും കർഷകാത്മഹത്യയ്ക്കും എതിരായി കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഉയർന്നുവന്ന സിവിൽ സൊസൈറ്റി മൂവ്മെന്റിന്റെ സമാഹരണം തെരഞ്ഞെടുപ്പിലേക്ക് ഫലപ്രദമായ വിധത്തിൽ കോർത്തിണക്കപ്പെട്ടിട്ടില്ല. പരിസ്ഥിതി സംരക്ഷണവും വിഭവാധികാരവുമായി ബന്ധപ്പെട്ട ചർച്ചകളൊന്നും തെരഞ്ഞെടുപ്പ് സംവാദങ്ങളിലേക്ക് ഫലപ്രദമായ രീതിയിൽ കടന്നുവന്നിട്ടേയില്ല.

2014ലെ പൊതുതെരഞ്ഞെടുപ്പിന് മുമ്പ്, രണ്ടാം യു.പി.എ സർക്കാരിന്റെ കാലത്തെ അഴിമതിക്കും ദുർഭരണത്തിനും എതിരായി ഉയർന്നുവന്ന ജനകീയപ്രക്ഷോഭങ്ങൾ തെരഞ്ഞെടുപ്പിലും കാര്യമായി ഇടപെട്ടിരുന്നു. ആം ആദ്മി പാർട്ടിയുടെ രൂപത്തിൽ സിവിൽ സൊസൈറ്റി മൂവ്മെന്റ് രാഷ്ട്രീയ പാർട്ടിയായി മാറുകയും അത് ഭരണനേതൃത്വത്തിലേക്ക് എത്തുകയും ചെയ്തത് പൗരസമൂഹ രാഷ്ട്രീയത്തെ ഒരുതരത്തിൽ പ്രചോദിപ്പിക്കുകയും മറ്റൊരുതരത്തിൽ കുഴപ്പത്തിലാക്കുകയും ചെയ്തിരുന്നു. തെരഞ്ഞെടുപ്പ് രംഗത്ത് നിന്നും മാറി നിന്ന്, വർഷങ്ങ

ളായി ജനാധിപത്യ നവീകരണത്തിൽ പലതരത്തിൽ ഇടപെടുന്നവർ പൊടുന്നനെ ആം ആദ്മി പാർട്ടിയുടെ ബാനറിൽ തെരഞ്ഞെടുപ്പ് ഗോദയിലേക്ക് കടന്നുവന്നു. തെരഞ്ഞെടുപ്പിൽ നേരിട്ട് ഇടപെടുന്നത് തങ്ങൾ മുന്നോട്ടുവയ്ക്കുന്ന പൗരസമൂഹ രാഷ്ട്രീയത്തെ ശക്തിപ്പെടുത്തുമെന്ന ധാരണ ആം ആദ്മിയുടെ സാന്നിധ്യം സൃഷ്ടിച്ചു. മേധാപട്കർ (8.9 ശതമാനം വോട്ട്, മൂന്നാംസ്ഥാനം), എസ്.പി. ഉദയകുമാർ (1.6 ശതമാനം വോട്ട്, ആറാം സ്ഥാനം), യോഗേന്ദ്ര യാദവ് (6 ശതമാനം വോട്ട്, നാലാം സ്ഥാനം), സോണി സോറി (2.2 ശതമാനം വോട്ട്, നാലാം സ്ഥാനം), രാജ്മോഹൻ ഗാന്ധി (30.7 ശതമാനം വോട്ട്, രണ്ടാം സ്ഥാനം) തുടങ്ങിയ പൗരസമൂഹ രാഷ്ട്രീയത്തിന്റെ ഭാഗമായിരുന്ന ഒട്ടേറെ പ്രമുഖർ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചു. 432 സീറ്റിലാണ് പാർട്ടി ആകെ മത്സരിച്ചത്. അധികാരത്തിലെത്തിയ ബി.ജെ.പി പോലും 428 സീറ്റിൽ മാത്രമാണ് ആ വർഷം മത്സരിച്ചത്. 47 സീറ്റുകളിൽ പാർട്ടി മൂന്നാം സ്ഥാനത്ത് എത്തുകയുണ്ടായി (അതിൽ 8 പേർക്ക് മാത്രമാണ് 10 ശതമാനത്തിൽ അധികം വോട്ട് ലഭിച്ചത്). വാരണാസിയിൽ നരേന്ദ്രമോദിക്ക് എതിരെ മത്സരിച്ച അരവിന്ദ് കെജ്രിവാൾ 20.3 ശതമാനം വോട്ടുകളുമായി രണ്ടാം സ്ഥാനത്ത് എത്തി. പാരമ്പര്യങ്ങളൊന്നും അവകാശപ്പെടാനില്ലാത്ത, കോർപ്പറേറ്റ് ഫണ്ടുകളൊന്നുമില്ലാത്ത ഒരു പുതിയ രാഷ്ട്രീയ പാർട്ടി അവരുടെ ആദ്യ ദേശീയ തെരഞ്ഞെടുപ്പിൽ ഇന്ത്യയിലാകെ 2.1 ശതമാനം വോട്ടുകൾ നേടി എന്നത് കാര്യമായ ഇടപെടലായിരുന്നു. എങ്കിലും തെരഞ്ഞെടുപ്പിലെ സിവിൽ സൊസൈറ്റിയുടെ പങ്കിനെക്കുറിച്ച് ഒരു പുനർചിന്ത പൗരസമൂഹ രാഷ്ട്രീയത്തിന്റെ ഭാഗമായി നിൽക്കുകയും ആം ആദ്മിയുടെ സ്ഥാനാർത്ഥിയായി തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുകയും ചെയ്തവരുടെ ഭാഗത്ത് നിന്നും തെരഞ്ഞെടുപ്പാനന്തരം ഉണ്ടായി. അതോടെ പലരും അതിൽ നിന്നും വഴി പിരിഞ്ഞുപോയി. അഞ്ച് വർഷത്തിനിപ്പുറം ആം ആദ്മി പാർട്ടി ഒരിക്കൽ മുഖ്യശത്രുവായിരുന്ന കോൺഗ്രസുമായി സഖ്യത്തിലേർപ്പെടാൻ വിമുഖതയില്ലാത്ത ദേശീയ പാർട്ടിയായി മാറി. അതുകൊണ്ടുതന്നെ അത്തരം പരീക്ഷണങ്ങൾക്ക് പതിനേഴാം ലോകസഭാ തെരഞ്ഞെടുപ്പിൽ ഒരു ഇടമില്ലാതെ പോയി. ആം ആദ്മി പാർട്ടിയുടെ മുഖ്യപരിഗണനാ വിഷയമായിരുന്ന 'അഴിമതി-ദുഷ്ഭരണ വിരുദ്ധ' വോട്ടുകൾ മുഖ്യധാരാ പ്രതിപക്ഷകക്ഷികളിലേക്ക് തന്നെ എത്തിച്ചേരുകയാകും ഇത്തവണ സംഭവിക്കുക. ഭരണവിരുദ്ധ വോട്ടുകൾ വിഭജിക്കപ്പെടാനിടയുള്ള ബദൽ പരീക്ഷണങ്ങൾക്ക് നിന്നുകൊടുക്കാൻ ഇടമില്ലാത്ത വിധം മോദിഭരണം മാറേണ്ടുന്നതിന്റെ അനിവാര്യത അത്രമാത്രം ആഴത്തിൽ നിലനിൽക്കുന്നു എന്നതിന്റെ പ്രതിഫലനമായും ഈ സാഹചര്യത്തെ കാണാം.

തെരഞ്ഞെടുപ്പ് കാലമെത്തുമ്പോൾ ഇലക്ഷനിൽ മത്സരിച്ചുകൊണ്ടുതന്നെ തങ്ങൾ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയം പ്രചാരണവിഷയമാക്കാൻ ശ്രമിക്കുക എന്നത് സിവിൽ സമൂഹ സംഘങ്ങൾ നാളുകളായി ചെയ്യാറുണ്ട്. പ്രത്യേക പ്രശ്നങ്ങളെ മുൻനിർത്തി തെരഞ്ഞെടുപ്പ് ബഹിഷ്കരണവും പരീക്ഷിക്കപ്പെട്ടിട്ടുണ്ട്. വിവിധ സാമൂഹ്യവിഷയങ്ങളും ജനാധിപത്യ പ്രശ്നങ്ങളും മുൻനിർത്തി തെരഞ്ഞെടുപ്പിൽ മത്സരിക്കാതെ തന്നെ ഇലക്ഷൻ ക്യാമ്പയിനുകളെ സ്വാധീനിക്കാൻ ശ്രമിക്കുന്ന ഇടപെടലുകളും സിവിൽ സൊസൈറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടാകാറുണ്ട്. എന്നാൽ അത്തരം ചെറിയ ശബ്ദങ്ങളെയെല്ലാം അപ്രസക്തമാക്കിക്കളയുന്ന വിധത്തിലുള്ള പ്രചാരണ കോലാഹലമാണ് പണാധിപത്യത്താൽ മുഖ്യധാരാ രാഷ്ട്രീയകക്ഷികൾ ഇപ്പോൾ പടച്ചുവിടുന്നത്. ആ വർണ്ണശബള ബഹളങ്ങൾക്ക് നടുവിൽ പിടിച്ചുനിൽക്കാൻ കഴിയാതെ മൂകമായിപ്പോവുകയാണ് പൗരസമൂഹം ഉന്നയിക്കുന്ന രാഷ്ട്രീയം. പൗരസമൂഹ രാഷ്ട്രീയത്തിന് സംഭവിക്കുന്ന അത്തരം അദൃശ്യതകൾ കൂടുതൽ അപകടത്തിലേക്ക് ജനാധിപത്യ വ്യവസ്ഥയെ എത്തിക്കുന്ന ലോകസാഹചര്യത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നതെന്ന് മറക്കരുത്.

തീവ്രവലതുപക്ഷ രാഷ്ട്രീയ പാർട്ടികളാൽ നയിക്കപ്പെടുന്ന ഭരണകൂടങ്ങളാണ് പല രാജ്യങ്ങളിലും ഇന്ന് ആധിപത്യം സ്ഥാപിച്ചിരിക്കുന്നത്. മൂലധനത്തിന്റെ സ്വതന്ത്രമായ വ്യാപനത്തിനുള്ള നിരുപാധിക പിന്തുണയും വംശീയതയും ന്യൂനപക്ഷ വിരുദ്ധതയുമാണ് ഈ ഭരണകൂടങ്ങളുടെ മുഖ്യ പൊതുലക്ഷണങ്ങൾ. മോദി ഭരണത്തിലൂടെ ഇന്ത്യൻ ജനാധിപത്യവും അതിന്റെ ഒരു ഭാഗമായിത്തീർന്നിരിക്കുകയാണ്. ചങ്ങാത്ത മുതലാളിത്തം ഒരു മറയുമില്ലാതെ വിഹരിക്കുന്ന കാലമായതിനാൽ തന്നെ കോർപ്പറേറ്റുകൾ അവരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി കളത്തിലിറക്കുന്ന കള്ളപ്പണം തന്നെയാണ് തെരഞ്ഞെടുപ്പ് രംഗത്തേക്ക് ഇപ്പോൾ ഒഴുകിക്കൊണ്ടേയിരി

ക്കുന്നത്. ഈ ധനസഹായത്തിലൂടെ ഭരണ വ്യവസ്ഥയിൽ നേരിട്ട് ഇടപെടുന്നതിനുള്ള സാധ്യത കോർപ്പറേറ്റുകൾക്ക് മുന്നിൽ തുറക്കപ്പെടുകയാണ്. കരിമ്പണത്തിന്റെ കുത്തൊഴുക്ക് വ്യാപകമായതോടെ പ്രമുഖ രാഷ്ട്രീയ കക്ഷികളുടെ തെരഞ്ഞെടുപ്പ് പ്രചാരണരീതികൾ നിശ്ചയിക്കാനും നടപ്പിലാക്കാനും ഒരു നവവരേണ്യവർഗ്ഗം ഉദയം ചെയ്തുവന്നു. സർക്കാർ രൂപീകൃതമായ ശേഷവും ഭരണനയങ്ങളിൽ നിർണ്ണായക സ്വാധീനം ചെലുത്താൻ കഴിയുന്ന ഒരു വരേണ്യവർഗ്ഗമായി ജനങ്ങളുമായി നേരിട്ട് ഒരു ബന്ധവുമില്ലാത്ത ഈ സംഘം ഇന്ദ്രപ്രസ്ഥത്തിൽ തുടരുകയാണ് ഇന്ന് പതിവ്. ഭരണകക്ഷിക്ക് അനുഗുണമായ നുണകൾ നിർമ്മിച്ചുകൊണ്ട് ദേശീയ മാദ്ധ്യമങ്ങളും ഈ കൂട്ടു ബിസിനസ്സിൽ കണ്ണിചേരുന്നു. ആ ശബ്ദഘോഷങ്ങൾക്കിടയിൽപ്പെട്ട് ഞെരുങ്ങിമരിക്കാതെ പ്രാണൻ നിലനിർത്തേണ്ട ബാധ്യത പൗരസമൂഹ രാഷ്ട്രീയത്തിന് കൂടുതലായുണ്ട്.

മറക്കരുത്, എല്ലാ മുഖ്യധാരാ രാഷ്ട്രീയ കക്ഷികളും അവർ രൂപം നൽകുന്ന സർക്കാരുകളും നവലിബറൽ നയങ്ങളുടെ പിന്തുടർച്ചകളാൽ ജനവിരുദ്ധമാക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കെട്ടകാലത്ത് സിവിൽ സൊസൈറ്റിയിൽ മാത്രമാണ് ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രാപ്തി അവശേഷിക്കുന്നത്. തെരഞ്ഞെടുപ്പിൽ ഫലപ്രദമായ ഇടപെടലുകൾക്ക് അവസരമുണ്ടായില്ലെങ്കിലും ജാഗ്രതയോടെ ഇവിടെത്തന്നെയുണ്ടാകണം, യഥാർത്ഥ പ്രതിപക്ഷമായി. ഒരു രാഷ്ട്രീയ പാർട്ടിയും അഭിസംബോധന ചെയ്യാത്ത വിഷയങ്ങൾ ചൂണ്ടിക്കാണിച്ച്, ഒരു ഭരണസംവിധാനവും പരിഗണിക്കാൻ സന്നദ്ധമല്ലാത്ത പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവന്ന് ജനാധിപത്യത്തിൽ ദൃഢതയോടെ നിൽക്കാം.

അപ്പോഴും ഓർക്കേണ്ട ഒരു കാര്യമുണ്ട്. ദേശീയ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ സിവിൽ സൊസൈറ്റിയുടെ പരിഗണനകളെ അപ്രസക്തമാക്കുന്ന മറ്റൊരു ഘടകം കൂടിയുണ്ട്. അത് അധികാരത്തിന്റെ കേന്ദ്രീകരണം തന്നെയാണ്. ഇന്ത്യയുടെ ദേശീയ ഭരണവ്യവസ്ഥ അത്രമാത്രം കേന്ദ്രീകൃതമായ ഒരു അധികാര ഘടനയിലാണ് നിലയുറപ്പിച്ചിരിക്കുന്നത് എന്നത് തദ്ദേശീയമായ ചെറുത്തുനിൽപ്പുകൾ മുന്നോട്ടുവയ്ക്കുന്ന പല ജനകീയ വിഷയങ്ങളും പതിവായി അവഗണിക്കപ്പെടുന്നതിന് കാരണമായിത്തീരുന്നുണ്ട്. നിർണ്ണായകമായ എല്ലാ വിഷയങ്ങളിലും നയപരമായ തീരുമാനങ്ങളെടുക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാവുകയും എന്നാൽ ആ ഭരണ കേന്ദ്രം സിവിൽ സൊസൈറ്റി ഇടപെടലുകൾക്ക് പ്രാപ്യമല്ലാത്തവിധം വിദൂരമായിരിക്കുകയും ചെയ്യുന്ന ഒരു ശ്രേണീകൃത അധികാര അസമത്വം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ സിവിൽ സമൂഹത്തിന്റെ പലവിധമായ തദ്ദേശീയ പരിഗണനകളാൽ ഒരു ദേശീയ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുമ്പോൾ പൗരസമൂഹ രാഷ്ട്രീയത്തിന്റെ കാതൽ പലപ്പോഴും പുറന്തള്ളപ്പെട്ടുപോകാറുണ്ട്. അതിനാൽ ജനാധിപത്യ പരിഷ്കരണത്തിനായി നിലകൊള്ളുന്ന സിവിൽ സൊസൈറ്റി പ്രസ്ഥാനങ്ങളെ സംബന്ധിച്ച് ദേശീയ തെരഞ്ഞെടുപ്പ് എന്നത് അന്ധമായി പ്രചാരണത്തിൽ പങ്കുചേരേണ്ട ഒരു വോട്ടെടുപ്പ് പ്രക്രിയയല്ല. ഇന്ത്യൻ ജനാധിപത്യം അഭിമുഖീകരിക്കുന്ന 'കേന്ദ്ര ഭരണം' എന്ന അധികാരകുത്തകയെ ചോദ്യം ചെയ്തുകൊണ്ട് തെരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കുചേരുകയാണ് സിവിൽ സൊസൈറ്റി ചെയ്യേണ്ടത്. അധികാരം താഴെ തട്ടിലേക്ക് വിതരണം ചെയ്യപ്പെടുമ്പോഴാണ് അത് കൂടുതൽ സന്തുലിതവും നീതിപൂർണ്ണവുമാകുന്നത് എന്നത് മറക്കാതെ തന്നെ ദേശീയ തെരഞ്ഞെടുപ്പിനെ എങ്ങനെ അഭിമുഖീകരിക്കാം എന്നതാണ് ചോദ്യം.

കേവലം കേന്ദ്ര സർക്കാരിൽ മാത്രം അധികാരം കേന്ദ്രീകരിക്കുന്ന രാജ്യത്ത് പ്രാദേശിക താൽപര്യങ്ങൾ സംരക്ഷിക്കപ്പെടില്ല എന്നത് ഉറപ്പാണ്. കേന്ദ്ര അധികാര ശക്തിക്ക് നിഷ്പ്രയാസം ഏതെങ്കിലും ഒരു പ്രദേശത്തോട് വിവേചനം കാണിക്കാം. മാത്രമല്ല അധികാരം ജനങ്ങളിൽ നിന്ന് അകലും തോറും ചൂഷണവും ഉത്തരവാദിത്തമില്ലായ്മയും സുതാര്യത കുറവും കൂടിവരും. അധികാര കേന്ദ്രങ്ങളും ജനങ്ങളുടെ അധികാരാവകാശങ്ങളും തമ്മിൽ സംഘർഷങ്ങൾ കൂടിവരും. ഫെഡറലിസത്തിനും അധികാര വികേന്ദ്രീകരണത്തിനും ഊന്നൽ നൽകുന്ന ഒരു ഭരണഘടനയുണ്ടെങ്കിലും ഇന്ത്യയിൽ ഈ അധികാര സംഘർഷം വർദ്ധിച്ചുകൊണ്ടിരിക്കുന്നതായാണ് കാണാൻ കഴിയുന്നത്. അതുകൊണ്ട്, രാജ്യം ആര് ഭരിക്കണം എന്ന വിധിയെഴുത്ത് നടക്കുന്ന ഈ തെരഞ്ഞെടുപ്പ് സന്ദർഭത്തിലും അധികാരത്തിന്റെ കേന്ദ്രീകരണത്തെ ചോദ്യം ചെയ്യുന്നതിനുള്ള അവസരം കൂടി വിനിയോഗിക്കാൻ കഴിയുന്നതരത്തിൽ ചർച്ചകൾ രൂപപ്പെട്ടുവരേണ്ടതുണ്ട്.■